LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി വില വർദ്ധനവ്

40 (386) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതിവില എത്ര പ്രാവശ്യം വർദ്ധിപ്പിച്ചിട്ടുണ്ടെന്നും വീടുകൾക്ക് യൂണിറ്റിന് എത്ര രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

2012 ജൂലൈ ഒന്നാം തീയതി മുതലും 2013 മേയ് ഒന്നാം തീയതി മുതലും 2014 ആഗസ്റ്റ് 16-ാം തീയതി മുതലും വൈദ്യുതി ചാർജ്ജ് (ആകെ '3' പ്രാവശ്യം) വർദ്ധിപ്പിച്ചിട്ടുണ്ട്. ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജിലുണ്ടായ വർദ്ധനവ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

സംസ്ഥാനത്ത് വൈദ്യുതിയുടെ ഉപഭോഗം

41 (387) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതിയുടെ പ്രതിദിന ഉപഭോഗം എത്രയാണ് ; ഓരോ വൈദ്യുത നിലയത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവ് ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) വിവിധ ഉപഭോക്താക്കൾക്ക് യൂണിറ്റിന് എത്ര രൂപ നിരക്കിലാണ് KSEB വൈദ്യുതി വിതരണം ചെയ്യുന്നത് ; വൈദ്യുതിയുടെ കുറവ് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) പുറത്തു നിന്നും വൈദ്യുതി എത്തിക്കുന്നതിനായി ഏതൊക്കെ കമ്പനികളുമായി എത്ര വർഷത്തേക്കുള്ള കരാറിലാണ് KSEB ഒപ്പിട്ടിട്ടുള്ളത് ; ഓരോ കമ്പിനിയിൽ നിന്നും പ്രതിവർഷം എത്ര യൂണിറ്റ് വൈദ്യുതി, എത്ര നിരക്കിലാണ് സംസ്ഥാനത്തിന് ലഭിക്കുക; ഇങ്ങനെ പുറത്തുനിന്നും വൈദ്യുതി എത്തിക്കുന്നതിന് പവർഗ്രിഡ് കോർപ്പറേഷന്റെ അനുമതി ലഭ്യമായിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഡി) കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഇതുസംബന്ധിച്ച് എന്ത നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; ഇതിനെതിരെ എന്ത നടപടിയാണ് KSEB സ്വീകരിച്ചിട്ടുള്ളത് ;

(ഇ) കോടിക്കണക്കിന് രൂപ ലാഭിക്കാൻ കഴിയുന്ന ഈ പദ്ധതി നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഫെബ്രുവരി മാസത്തെ കണക്കുപ്രകാരം പ്രതിദിനം ശരാശരി 62.26 ദശലക്ഷം യൂണിറ്റാണ് സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം. സംസ്ഥാനത്തെ ഓരോ വൈദ്യുത നിലയത്തിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവ് സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) വിവിധ ഉപഭോക്താക്കൾക്ക് വൈദ്യുതി വിതരണം ചെയ്യുന്നതിന്റെ നിരക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* വൈദ്യുതിയുടെ വർദ്ധിച്ചുവരുന്ന ഉപഭോഗംമൂലം ഉണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു :

(I) ചെറുതും വലുതുമായ ജലവൈദ്യുത പദ്ധതികൾ സ്ഥാപിച്ച് വൈദ്യുതോല്പാദനം പരമാവധി വർദ്ധിപ്പിച്ചു.

(ii) കേന്ദ്രപൂളിൽനിന്ന് പരമാവധി വൈദ്യുതി ലഭ്യമാക്കി.

(iii) 2014 മാർച്ച് മുതൽ 2017 ഫെബ്രുവരി വരെ 400 മെഗാവാട്ട് വൈദ്യുതി പി.റ്റി.സി.സി., എൻ.യു.യു.എൻ. മുതലായ വൈദ്യുതി വ്യാപാരികളിൽ നിന്നും യൂണിറ്റൊന്നിന് ശരാശരി 4.50 രൂപ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള കരാറിലേർപ്പെട്ടിട്ടുണ്ട്. ദക്ഷിണേന്ത്യയിലെ വൈദ്യുതോൽപ്പാദകരിൽനിന്നും 523.5 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി-ഇ) ദീർഘകാലാടിസ്ഥാനത്തിൽ സംസ്ഥാനത്തെ വൈദ്യുതി ആവശ്യകത പരിഹരിക്കുന്നതിന് താഴെപ്പറയുന്ന കമ്പനികളിൽനിന്ന് വൈദ്യുതി വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	ഉൽപ്പാദകർ/വ്യാപാരികൾ	കരാർ ഏർപ്പെട്ട വൈദ്യുതി (മെഗാവാട്ട്)	നിരക്ക് (രൂപ/ യൂണിറ്റ്)	കാലയളവ്
1	ദീർഘകാലാടിസ്ഥാനത്തിൽ ടാറ്റാ മൈത്തോൺ	150	CERC Rate	07/2013 മുതൽ 07/2042 വരെ
2	ദാമോദർ വാലി കോർപ്പറേഷൻ	250	CERC Rate	05/2014 മുതൽ 04/2039 വരെ
3	DBFOO അടിസ്ഥാനത്തിൽ ജിൻഡാൽ പവർ ലിമിറ്റഡ്	200	3.60	2016 ഡിസംബർ മുതൽ 25 വർഷത്തേക്ക്
4	ജാബുവാ പവർ ലിമിറ്റഡ്	115	4.15	
5	ജിൻഡാൽ ഇന്ത്യാ തെർമ്മൽ പവർ ലിമിറ്റഡ്	150	4.29	2017 ഒക്ടോബർ മുതൽ 25 വർഷത്തേക്ക്
6	ഭാരത് അലൂമിനിയം കമ്പനി ലിമിറ്റഡ്	100	4.29	
7	ജാബുവാ പവർ ലിമിറ്റഡ്	100	4.29	
8	ജിൻഡാൽ പവർ ലിമിറ്റഡ്	100	4.29	
9	ഈസ്റ്റ് കോസ്റ്റ് എനർജി പ്രൈവറ്റ് ലിമിറ്റഡ്	100	4.29	

(ഡി) വൈദ്യുതി എത്തിക്കുന്നതിനായി പവർഗ്രിഡ് കോർപ്പറേഷന്റെ അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ട്. 2003-ലെ ഇലക്ട്രിസിറ്റി ആക്ടിലെ വ്യവസ്ഥകളനുസരിച്ച് ദീർഘകാലാടിസ്ഥാനത്തിലും (long term) മധ്യകാലാടിസ്ഥാനത്തിലും (medium term) സംസ്ഥാനത്തിനുപുറമേ നിന്ന് വൈദ്യുതി കൊണ്ടുവരുന്നതിനുള്ള പ്രസരണ ശൃംഖല അനുവദിക്കുന്നത് സെൻട്രൽ ട്രാൻസ്മിഷൻ യൂട്ടിലിറ്റിയായ പവർ ഗ്രിഡ് കോർപ്പറേഷനാണ്. പവർ ഗ്രിഡ് കോർപ്പറേഷൻ 'ഓപ്പൺ' ആക്സസ് (Open Access) അനുവദിക്കുന്നത് കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ (സി.ഇ.ആർ.സി.) പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ അനുസരിച്ചാണ്. എന്നാൽ 2013 ജൂൺ മാസത്തിൽ വൈദ്യുതി ബോർഡ് 400 മെഗാവാട്ട് വൈദ്യുതി കൊണ്ടുവരുന്നതിന് 'medium term open access'-ന് അപേക്ഷിച്ച് പവർ ഗ്രിഡ് കോർപ്പറേഷന് മുമ്പാകെ

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷ സമർപ്പിച്ചപ്പോൾ കേന്ദ്ര റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച ചട്ടങ്ങൾക്കുവിരുദ്ധമായി open access നിരസിക്കുകയാണുണ്ടായത്. ഇതിന്മേൽ കേന്ദ്ര റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ വൈദ്യുതി ബോർഡ് പരാതി സമർപ്പിച്ചിരുന്നു. ടി പരാതിയിന്മേൽ കേന്ദ്ര കമ്മീഷൻ 16-2-2015-ലെ ഉത്തരവിൽ കേരളത്തിനനുകൂലമായി വിധിയായി തീർപ്പാക്കുകയും വൈദ്യുതി ബോർഡ്, 2013- ജൂൺ മാസത്തിൽ നൽകിയ ഓപ്പൺ ആക്സസ് അപേക്ഷ, കേന്ദ്ര റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച ഓപ്പൺ ആക്സസ് ചട്ടങ്ങൾക്കു വിധേയമായി തീർപ്പുകൽപ്പിക്കേണ്ടതാണെന്ന് ഉത്തരവിറക്കുകയും ചെയ്തു.

(ഇ) രാജ്യത്ത് നിലവിലുള്ള വ്യവസ്ഥകളനുസരിച്ച് വൈദ്യുതി വാങ്ങുന്നതിനുള്ള ദീർഘകാല കരാറുകൾക്ക് പവർഗ്രിഡ് കോർപ്പറേഷൻ ട്രാൻസ്മിഷൻ ലൈനുകൾ സമയബന്ധിതമായി നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2017 ഒക്ടോബർ മാസത്തോടെ കരാറിൽ ഏർപ്പെട്ട മുഴുവൻ വൈദ്യുതിയും സംസ്ഥാനത്തിന് പുറത്തുനിന്ന് ലഭ്യമാക്കാൻ ഓപ്പൺ ആക്സസ് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

വൈദ്യുതിയുടെ അധിക ഉല്പാദനം

42 (388) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെട്രോളിയം ഉല്പന്നങ്ങളുടെ വില കുറഞ്ഞതിന്റെ ഭാഗമായി വൈദ്യുതി ലാഭകരമായി ഉല്പാദിപ്പിക്കുവാൻ കഴിയുന്നുണ്ടോ ; ഇതിന്റെ ഭാഗമായി വൈദ്യുതി ഉല്പാദനം വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ ആനുകൂല്യം ഉപഭോക്താക്കൾക്കു കൂടി ലഭ്യമാകുന്നതിനായി വൈദ്യുതി ചാർജ്ജ് കുറയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എത്ര യൂണിറ്റ് വൈദ്യുതിയാണ് ഇതിന്റെ ഭാഗമായി അധികമായി ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുള്ളത് ?

ഉത്തരം

(എ-സി) വൈദ്യുതി ബോർഡിന്റെ ദ്രവ ഇന്ധന നിലയങ്ങളായ BDPP, KDPP എന്നിവിടങ്ങളിലും കേരളത്തിലെ NTPC-യുടെ കായംകുളം നിലയത്തിലും കൊച്ചിയിലെ BSES നിലയത്തിലും കാസർഗോഡ് KPCL നിലയത്തിലും LSHS, നാഫ്ത്ത തുടങ്ങിയ ദ്രവ ഇന്ധനങ്ങളാണ് ഉപയോഗിക്കുന്നത്. പെട്രോളിയം ഉല്പന്നങ്ങളുടെ വില കുറയുക വഴി ദ്രവ ഇന്ധനങ്ങളുടെ വിലയിലും ഗണ്യമായി കുറവുണ്ടായിട്ടുണ്ട്. എന്നാൽ ഇപ്പോഴും ടി നിലയങ്ങളിലെ വൈദ്യുതിയുടെ ഇന്ധനവില മാത്രം

LIBRARY ARCHIVES Kerala Legislative Assembly